അനെർട്ട്
ANERT
Agency for New and renewable Energy Research and Technology
നവീനവും പുനരുപയോഗയോഗ്യവുമായ ഊർജ്ജ ഗവേഷണങ്ങൾക്കും സാങ്കേതിക വിദ്യകൾക്കുമുള്ള ഏജൻസി
DEPARTMENT OF POWER, GOVERNMENT OF KERALA
Law College Road, PMG, Thiruvananthapuram 695033 • director@anert.in • www.anert.gov.in
Tel.: (+91-471) 2338077, 2334122, 2333124, 2331803 • Fax: (+91-471) 2329853

നം.ANERT-TECH/286/2023-T6 21-02-2024

# സർക്കുലർ

വിഷയം: അനെർട്ട്- സർക്കാർ ഓഫീസുകൾക്ക് ഇലക്ട്രിക് കാർ ലീസിന് നൽകുന്നതിനുള്ള മാർഗ്ഗരേഖ സംബന്ധിച്ച് :-

സൂചന: അനെർട്ട്-ടെണ്ടർ നമ്പർ: ANERT-TECH-238/2023-T6 തീയതി 08-11-2023

ഇ-മൊബിലിറ്റി പദ്ധതിയുടെ ഭാഗമായി അനെർട്ട് സർക്കാർ ഓഫീസുകൾക്ക് ഇലക്ട്രിക് വാഹനങ്ങൾ ലീസിന് നൽകുന്നു. ഇത് സംബന്ധിച്ച വിശദമായ മാർഗ്ഗരേഖ ചുവടെ ചേർക്കുന്നു.

1. ആദ്യഘട്ടം എന്ന നിലയിൽ രണ്ട് മോഡലുകളിലുള്ള 19 ഇ-കാറുകളാണ് സർക്കാർ ഓഫീസുകൾക്കു നൽകുന്നത്.TATA NEXON EV MAX, MG EV ZS.

2. സംസ്ഥാന സർക്കാരിന്റെ ധനകാര്യ വകുപ്പിന്റെ ഉത്തരവ് G.O(P)No.24/2020/Fin തീയതി 07-03-2020 & G.O(P)No.113/2020/Fin തീയതി 19-08-2020 പ്രകാരം ഡിസ്ട്രിക്റ്റ് കളക്ടർ, ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റ്, ഹെഡ് ഓഫ് ദി ഡിപ്പാർട്ട്മെന്റ് എന്നിവർക്ക് മാത്രമാണ് MG EV ZS ഇ-കാർ ഉപയോഗിക്കാൻ അനുവാദമുള്ളത്. മറ്റ് ഓഫീസ് ആവശ്യങ്ങൾക്ക് TATA NEXON EV MAX മാത്രമാണ് അനുവദിക്കുന്നത്.

3. കുറഞ്ഞത് ഒരു വർഷം മുതൽ പരമാവധി 5 വർഷത്തെ വരെ കാലാവധിയ്ക്ക് ഇ-കാറുകൾ (ഡ്രൈവർ ഇല്ലാതെ) ലീസിന് നൽകുന്നതാണ്.

4. ഒറ്റ ചാർജിംഗിൽ 300 km ലഭ്യമാകുന്ന TATA NEXON EV MAX വാഹനത്തിന്റെ ഒരു മാസത്തെ ലീസ് തുക Rs.46,000 + 5% GST രൂപയും MG EV ZS ഇ-കാറിന് വാഹനത്തിന്റെ ലീസ് തുക Rs.61,000 + 5% GST രൂപയും ആണ്.

5. വാഹനം ലഭിക്കുന്നതിനായി വാഹനം ആവശ്യമായ കാലാവധിയ്ക്കായുള്ള ലീസ് തുക (കുറഞ്ഞത് ഒരു വർഷം) മുൻകൂറായി നൽകേണ്ടതാണ്. ലീസ് തുക അടച്ച കാലാവധിക്ക് ശേഷം വാഹനം ആവശ്യമുണ്ടെങ്കിൽ ലീസ് കാലാവധി തീരുന്നതിന് ഒരു മാസം മുൻപായി അടുത്ത വർഷത്തേയ്ക്കുള്ള ലീസ് തുക നൽകേണ്ടതാണ്. ലീസ് തുക അടച്ച കാലാവധി കഴിഞ്ഞ് മുൻകൂറായി ലീസ് തുക അടയ്ക്കാത്ത പക്ഷം വാഹനം തിരികെ എടുത്ത് ലീസ് തുക അടയ്ക്കുന്ന മറ്റ് വകുപ്പുകൾക്ക് നൽകുന്നതാണ്.

6. ലീസ് തുക മുൻകൂറായി നൽകുന്ന സീനിയോറിറ്റി പ്രകാരമാണ് വാഹനം അനുവദിക്കുന്നത്. 5 വർഷ കാലാവധിയ്ക്ക് എഗ്രിമെന്റ് വയ്ക്കുന്ന സർക്കാർ വകുപ്പുകൾക്ക് മുൻഗണന നൽകുന്നതാണ്.

7. ഇ-കാറുകൾ എല്ലാം തന്നെ അനെർട്ട് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ രജിസ്ട്രേഷൻ എടുക്കുന്നതും ഓരോ വർഷത്തെയും ഇൻഷുറൻസ് അനെർട്ടിന്റെ നേതൃത്വത്തിൽ പുതുക്കി നൽകുന്നതുമാണ്.

8. ലീസ് കാലാവധിയിലുള്ള വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ (ആക്സിഡന്റ് ഒഴികെ) എല്ലാം തന്നെ അനെർട്ടിന്റെ നേതൃത്വത്തിൽ ചെയ്ത് തരുന്നതാണ്.

9. ലീസ് കാലാവധിക്കുള്ളിൽ ഇ-കാറുകൾ ചാർജ് ചെയ്യുന്നതിനുള്ള സംവിധാനം അതാത് ഗുണഭോക്തൃ സ്ഥാപനം ഒരുക്കേണ്ടതും ഇ-കാർ ചാർജ് ചെയ്യുന്നതിനുള്ള ചെലവ് ഗുണഭോക്തൃ സ്ഥാപനം വഹിക്കേണ്ടതാണ്.

10. ഇ-കാറുകൾ ചാർജ് ചെയ്യുന്നതിന് 7.5 kW ലോഡ് എടുക്കുന്ന രീതിയിൽ 10 sqmm/16 sqmm 3 core കേബിൾ ഉപയോഗിച്ച് ഡിസ്ട്രിബ്യൂഷൻ ബോർഡിൽ നിന്നും കാർ പാർക്കിംഗ് ഏരിയ വരെ വയറിംഗ്, MCB, Isolator ഉൾപ്പെടെ ഉള്ള സബ് ഡിസ്ട്രിബ്യൂഷൻ ബോർഡും എന്നിവ ഗുണഭോക്താവിന്റെ ചെലവിൽ ഒരുക്കേണ്ടതാണ്. 7.5 kW ചാർജർ സ്ഥാപിക്കുന്നതിന് 3 ഫേസ്

കണക്ഷൻ ആവശ്യമാണ്. ആയതിനാൽ 7.5 kW ചാർജർ ഉപയോഗിക്കണമെന്നുണ്ടെങ്കിൽ സിംഗിൾ ഫേസ് കണക്ഷൻ ഉള്ള സ്ഥലങ്ങൾ 3 ഫേസിലേയ്ക്ക് മാറ്റേണ്ടതാണ്. 3 ഫേസിലേയ്ക്ക് മാറ്റാൻ സാധിക്കാത്ത സ്ഥലങ്ങളിൽ ഇ-കാർ 3.3 kW ചാർജർ ഉപയോഗിച്ച് ചാർജ് ചെയ്യാൻ സാധിക്കും. എന്നാൽ ഇതിനായി 14-18 മണിക്കൂർ സമയം വേണ്ടി വരും.

11. MG EV ZS/TATA NEXON MAX വാഹനത്തിന്റെ ചാർജിംഗ് സംവിധാനത്തിന് 7.5 kW ശേഷി വരുന്നതിനാൽ പ്രത്യേകമായി എർത്തിംഗ് സംവിധാനവും ഒരുക്കേണ്ടതാണ്.

12. ഇ-കാറുകൾ അറ്റകുറ്റപ്പണികൾക്കായി (ആക്സിഡന്റ് ഒഴികെ) സർവീസ് സെന്ററിൽ നൽകിയാൽ 10 ദിവസത്തിൽ കൂടുതൽ കാലതാമസം വരുകയാണെങ്കിൽ അനെർട്ടിൽ നിന്നും പകരമായി കാറുകൾ നൽകുന്നതാണ്. വാഹനം അപകടം സംഭവിച്ച് സർവീസ് സെന്ററിൽ കയറ്റിയാൽ ഇൻഷുറൻസ് claim ആയി ലഭിക്കുന്ന തുകയ്ക്ക് പുറമെ വരുന്ന ചെലവ് ഗുണഭോക്തൃ സ്ഥാപനം വഹിക്കേണ്ടതാണ്.

13. ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനിൽ നിന്നും ചാർജ് ചെയ്യുന്നതിന് ഉപയോഗിക്കുമ്പോഴുള്ള ചെലവ്, ഓവർ സ്പീഡ്, സീറ്റ് ബെൽറ്റ്, തുടങ്ങിയ പിഴകൾ, പാർക്കിംഗ് ഫീസുകൾ എല്ലാം തന്നെ ഗുണഭോക്തൃ സ്ഥാപനം വഹിക്കേണ്ടതാണ്.

14. വാഹനം ലീസിന് ലഭിക്കുന്നതിനായി താഴെ പറയുന്ന രണ്ട് കാര്യങ്ങൾ പൂർത്തീകരിക്കേണ്ടതാണ്.

1. കുറഞ്ഞത് ഒരു വർഷത്തെ ലീസ് തുക മുൻകൂറായി അനെർട്ടിൽ നല്കിയിരിക്കണം. ഇതിനായുള്ള ഇൻവോയ്സ് അനെർട്ടിൽ നിന്നും നൽകുന്നതാണ്.

2. വാഹനം കൈമാറുന്നതിന് മുൻപായി 200/- രൂപ മുദ്രപത്രത്തിൽ വാഹനം എടുക്കുന്ന സർക്കാർ വകുപ്പ് അനെർട്ടുമായി കരാർ ഉടമ്പടി ഒപ്പ് വാങ്ങിക്കേണ്ടതാണ്.

ഇലക്ട്രിക് വാഹനം ഒരു വർഷം പരമാവധി 25,000 km വരെ ഓടാവുന്നതാണ്. അധികം വരുന്ന കിലോമീറ്ററിന് 10/- രൂപ നിരക്കിൽ നൽകേണ്ടതാണ്.

AGENCY FOR NEW AND RENEWABLE ENERGY RESEARCH AND TECHNOLOGY ★ ANERT TVM

N—Warr

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
അനെർട്ട്

NARENDRA NATH VELURI IFS
CHIEF EXECUTIVE OFFICER, ANERT


ഉള്ളടക്കം : 1. ചാർജർ സ്ഥാപിക്കുന്നതിന് വയറിംഗ് ചെയ്യേണ്ട രീതി

## Technical Specification of E-Cars for Smart City Project

| Make | MG | TATA |
| --- | --- | --- |
| Model | MG ZS EV EXCITE | NEXON EV MAX XZ+ LUX |
| Motor Type | Permanent Magnet Synchronous Motor (PMSM) | Permanent Magnet Synchronous Motor (PMSM) |
| Motor Torque | 280 Nm | 250 Nm |
| Motor Capacity in PS | 143 PS | 176.75 PS |
| Motor Capacity in kW | 105.17 kW | 129.99 kW |
| Running kM range | 461 kM (As per ARAI)<br>300-350 kM (As per Actual) | 437 kM (As per ARAI)<br>300-350 kM (As per Actual) |
| Acceleration | 0-100 Kmph in 8.5 seconds | 0-100 Kmph in 9 seconds |
| Maximum Speed | 180 Kmph | 140 kmph |
| Battery Capacity in kWh | 50.3 kWh | 40.5 kWh |
| Brakes | All Disc | All Disc |
| Wheels | Alloy | Alloy |
| AC Slow Charging Time using 7.5 kW charger (0-80%) | 8.5 to 9 Hours | 6.5 Hours |
| AC Slow Charging Time using 3.3 kW charger (0-80%) | 14-15 Hours | 15 Hours |
| DC Fast Charging Time (0-80%) | 60 mins | 56 mins |
| Charging Standard | CCS type 2 | CCS type 2 |

AGENCY FOR NEW AND RENEWABLE ENERGY RESEARCH AND TECHNOLOGY ★ ANERT TVM

Electrical Wiring from Distribution Board to Car Parking location for using 7.2kW Slow AC Charger. (MG EV ZS/TATA NEXON MAX EV)




AGENCY FOR NEW AND RENEWABLE ENERGY RESEARCH AND TECHNOLOGY
ANERT
TVM

**Note:**

- 10 sq mm 3 core cable shall be used for 7.2 kW Wall Mounted Charger and 4 sqmm wire can be used for 16 A Plug socket.
- If the Length between Existing DB and Sub DB at Car Parking Area is above 20mtrs, use 16 Sqmm Copper wire for wiring.
- The above wiring from Existing DB to Sub DB may be done by the beneficiary Dept